# ‘പാപത്തെ കീഴടക്കുക ദൈവത്തെ പ്രസാദിപ്പിക്കുക’

## ഉല്പത്തി 4:7

‘‘നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കല്പിച്ചു’’.

യഹോവയായ ദൈവം താൻ സൃഷ്ടിച്ച മനുഷ്യന്റെ ആദ്യജാതനായ കയീനോട് അരുളി ചെയ്ത വചനമാണ് ഇത്. കയീൻ ചെയ്യാൻ പോകുന്ന പ്രവൃത്തിയെ അറിഞ്ഞവനായ യഹോവ പറയുകയാണ്, നീ നന്മ ചെയ്യുക എന്നാൽ നിന്നിൽ ദൈവം പ്രസാദിക്കും. പാപം നിന്റെ വാതിൽക്കൽ തന്നെയുണ്ട് അതിനെ കീഴടക്കി നന്മ ചെയ്യുക എന്നതാണ് നിന്റെ കടമ. എന്നാൽ അതിന്റെ അടുത്ത വാക്യങ്ങളിൽ തന്നെ നമുക്ക് കാണാം കയീൻ ഹാബേലിനെ വയലിൽ വിളിച്ചുകൊണ്ട് പോകുകയും അവിടെവെച്ച് തന്റെ അനുജനെ കൊല ചെയ്യുകയും ചെയ്യുന്നതായിട്ട്. നീ പാപത്തെ കീഴടക്കേണം എന്ന് യഹോവയായ ദൈവം കയീനോട് കല്പിക്കുകയാണ് ചെയ്തത്. പക്ഷേ അവന് അത് സാധിച്ചില്ല. മനുഷ്യന്റെ ഉല്പത്തി മുതൽ പാപം അവനോടു കൂടെയുണ്ട്. ദൈവം മനുഷ്യനോട് കല്പിക്കുന്നത് ആ പാപത്തെ കീഴടക്കി ദൈവപ്രസാദമുള്ളവനായി ജീവിക്കാനാണ്. എന്നാൽ ദൈവമക്കളായ നമുക്ക് എത്രത്തോളം അതിനു സാധിക്കുന്നുണ്ട് എന്ന് നമുക്ക് ചിന്തിക്കാം.

യഹോവയുടെ കല്പന മറുത്ത് പാപം ചെയ്ത കയീൻ യഹോവയുടെ സന്നിധിവിട്ട് ശാപഗ്രസ്തനായി പോകുമെന്ന് വചനം പറയുന്നു. നാം ഓരോരുത്തരും പാപം ചെയ്യുമ്പോൾ ഇതാണ് സംഭവിക്കുന്നത്. യഹോവയുടെ സാന്നിധ്യം നമ്മളിൽനിന്ന് മാറിപ്പോകുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു സ്വന്തരക്തത്താൽ നമ്മുടെ പാപങ്ങളിൽ നിന്നും, ശാപങ്ങളിൽ നിന്നും, അകൃത്യത്തിൽ നിന്നും നമ്മെ വീണ്ടെടുത്ത താണ്. അങ്ങനെ വീണ്ടെടുക്കപ്പെട്ടവരായ നാം ഓരോരുത്തരും ദൈവത്തിന്റെ പ്രിയമക്ക ളാണ്. അപ്പോൾ നമ്മൾ നമ്മിലുള്ള ജഡത്തിന്റെ പാപങ്ങളെ ജയിക്കണമെന്നുള്ളതാണ് ദൈവേഷ്ടം. ദൈവമക്കളായ നമുക്ക് നമ്മുടെ ജഡത്തിലുള്ള മല്ലന്മാരായ ശത്രുക്കളെ തോല്പിക്കാൻ കഴിയാത്തത് എന്തുകൊണ്ട്? കോപം, ക്രോധം, ഈർഷ്യ, അസൂയ, പിണക്കം, പക, ദ്രവ്യാഗ്രഹം ഇങ്ങനെ അനേകം മല്ലന്മാരാണ് നമ്മിൽ വാഴുന്നത്. ഈ ശത്രുക്കളെ ഓരോന്നായി കീഴടക്കേണ്ടത് നമ്മുടെ ആവശ്യമാണ്. എങ്കിൽ മാത്രമെ

അനുഗ്രഹത്തെ പ്രാപിക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. എന്നാൽ എങ്ങനെ അതു സാധിക്കും?

ദാവീദ് ഫെലിസ്ത്യമല്ലനെ നേരിടുന്ന രംഗം നമുക്ക് ചിന്തിക്കാം. ഫെലിസ്ത്യമല്ലൻ യിസ്രായേൽ നിരകളെ വെല്ലുവിളിച്ചപ്പോൾ എല്ലാ യിസ്രായേലും ഭയപ്പെട്ട് പിന്നിലേക്ക് മാറി. എന്നാൽ ദാവീദ് എന്താണ് ചെയ്തത്? ''ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദി പ്പാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആർ'' (1Sam. 17:26) എന്ന് ധൈര്യത്തോടെ ചോദിച്ചുകൊണ്ട് മുന്നോട്ടു ചെന്നു. പിന്നീട് ദാവീദ് ഫെലിസ്ത്യമല്ലനെ നേരിടുവാൻ ചെന്നപ്പോൾ വീണ്ടും പറഞ്ഞു. ''നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽനിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരെ വരുന്നു''. അവിടെയാണ് യഹോവയായ ദൈവം ദാവീദിന് വിജയം കൊടുക്കുന്നത്. പാപത്തിൽനിന്നുള്ള വിമുക്തിയും ഇങ്ങനെ തന്നെയാ ണ്. ദൈവകൃപയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് ദാവീദ് ഗോല്യാത്തിനെ ഒറ്റക്കല്ലു കൊണ്ട് വീഴ്ത്തിയതുപോലെ നമുക്കും നമ്മിലുള്ള മല്ലന്മാരെ വീഴ്ത്താം. ദാവീദിനു ചുറ്റും നിന്നവരെല്ലാം അസാധ്യമെന്ന് വിധിയെഴുതിയപ്പോൾ ദൈവത്തിന്റെ നാമത്തിൽ ജയം നേടിയവനാണ് ദാവീദ്. അതുപോലെ തന്നെ നമുക്കു ചുറ്റും അനേകം പേർ നമ്മളെ നിരുത്സാഹപ്പെടുത്തുവാൻ കണ്ടേക്കാം. എന്നാൽ തളർന്നുപോകാതെ നമ്മെ വീണ്ടെടു ത്തവനായ യേശുവിന്റെ നാമത്തിൽ നമുക്കു മുന്നേറാം. പാപത്തെ ജയിച്ച് അനുഗ്രഹ പൂർണ്ണമായ ജീവിതത്തിന് അവകാശികളായിത്തീരാം. യേശുവിനോടുകൂടെ നമുക്ക് വസിക്കാം. നമ്മെ മിസ്രയീമിന്റെ അടിമത്തത്തിൽ നിന്ന് വീണ്ടെടുത്തവനായ ദൈവത്തിന്റെ ഉദ്ദേശം നമ്മെ കനാനിൽ എത്തിക്കുക എന്നതാണ്. അതുകൊണ്ട് നമ്മുടെ കനാൻയാത്രയിൽ നമുക്ക് എതിരായി നിൽക്കുന്ന ജഡത്തിലെ ഓരോ ശത്രുവിനോടും പോരാടി ജയിച്ച് നമ്മുടെ കർത്താവിന്റെ ഉന്നതമായ ഉദ്ദേശത്തെ നമുക്ക് നിറവേറ്റാം.

പരാമർശം :

കൊലൊസ്സ്യർ 3:5

ആകയാൽ ദുർന്നടപ്പു, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ.

സിസ്റ്റർ റീന ഷാജി ഏബ്രഹാം പള്ളിപ്പാട് 002